കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# സിഗററുകൾ (ഉത്പാദനവും സപ്ലൈയും വിതരണവും ക്രമപ്പെടുത്തൽ) ആക്ററ്, 1975

(1975-ലെ 49-ാംനമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സിഗററ്റുകൾ (ഉത്പാദനവും സപ്ലൈയും വിതരണവും ക്രമപ്പെടുത്തൽ) ആക്റ്റ്, 1975

(1975-ലെ 49-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

3/1452/V.

# സിഗററുകൾ (ഉത്പാദനവും സാപ്ലൈയും വിതരണവും ക്രമപ്പെടുത്തൽ) ആക്ററ്, 1975

(1975-ലെ 49)

[1975 ആഗസ്ററ് 16.]

സിഗററുകളുടെ വ്യാപാരവും വാണിജ്യവും ഉത്പാദനവും, സപ്ലൈയും, വിതരണവും സംബന്ധിച്ച ചില പരിമിതികൾക്കും, അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ററ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്താറാം സംവൽസരത്തിൽ പാർലമെൻററ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും :—(1) ഈ ആക്ററിന്, സിഗററുകൾ (ഉത്പാദനവും, സപ്ലൈയും, വിതരണവും ക്രമപ്പെടുത്തൽ) ആക്ററ്, 1975 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെൻററ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(ക) "പരസ്യ"ത്തിൽ, ഏതെങ്കിലും നോട്ടീസും, സർക്കുലറും, മററു രേഖയും ഉൾപ്പെടുന്നതും, ഏതെങ്കിലും വെളിച്ചത്താലോ ശബ്ദത്താലോ പുകയാലോ വാതകത്താലോ ഉണ്ടാക്കപ്പെടുന്ന ദൃശ്യപ്രതിരൂപണം കൂടി ഉൾപ്പെടുന്നതുമാകുന്നു.

(ഖ) "സിഗററിൽ".—

(i) കടലാസിലോ, പുകയില അടങ്ങിയിട്ടില്ലാത്ത മറേറതെങ്കിലും പദാർത്ഥത്തിലോ പൊതിഞ്ഞ ഏതെങ്കിലും പുകയിലച്ചുരുളും ;

(ii) പുകയില അടങ്ങിയ ഏതെങ്കിലും പദാർത്ഥത്തിൽ പൊതിഞ്ഞിരിക്കുന്നതും, ഏതെങ്കിലും പുകയിലച്ചുരുളിന്റെ ആകൃതിയോ, നിറയ്ക്കുന്ന വസ്തുവിൽ ഉപയോഗിച്ചിരിക്കുന്ന പുകയിലയുടെ തരമോ കാരണമായോ, പാക്ക് ചെയ്യലും ലേബൽ ചെയ്യലും കാരണമായോ, സിഗറററെന്ന നിലയിൽ ഉപഭോക്താക്കൾക്ക് ആഫർ ചെയ്യപ്പെടാനോ അവർ വിലയ്ക്ക് വാങ്ങിക്കാനോ ഇടയുള്ളതായിരിക്കുന്നതുമായ ഏതെങ്കിലും പുകയിലച്ചുരുളും,

ഉൾപ്പെടുന്നതും, എന്നാൽ ബീഡിയും, ഷെറൂട്ടും, ചുരുട്ടും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ഗ) "വിതരണ"ത്തിൽ, സാമ്പിളുകൾ വഴിയുള്ള വിതരണം, അത് സൗജന്യമായോ മററുവിധത്തിലോ ആയാലും, ഉൾപ്പെടുന്നു.

(ഘ) "കയററുമതി"ക്കും, അതിന്റെ വ്യാകരണ സംബന്ധമായ രൂപഭേദങ്ങൾക്കും, സജാതീയ പദങ്ങൾക്കും ഇൻഡ്യയിൽനിന്ന് ഇൻഡ്യയ്ക്ക് വെളിയിലുള്ള ഒരു സ്ഥലത്തേയ്ക്ക് കടത്തുക എന്ന് അർത്ഥമാകുന്നു.

(ങ) "വിദേശഭാഷ"യ്ക്ക്, ഒരു ഇൻഡ്യൻ ഭാഷയോ ഇംഗ്ലീഷ് ഭാഷയോ അല്ലാത്ത ഒരു ഭാഷ എന്നർത്ഥമാകുന്നു.

(ച) "ഇറക്കുമതി" ക്കും അതിൻെറ വ്യാകരണ സംബന്ധമായ രൂപഭേദങ്ങൾക്കും, സജാതീയ പദങ്ങൾക്കും, ഇൻഡ്യയ്ക്ക് വെളിയിലുള്ള ഒരു സ്ഥലത്തുനിന്ന് ഇൻഡ്യയുടെ ഉള്ളിലേയ്ക്ക് കൊണ്ടുവരികയെന്ന് അർത്ഥമാകുന്നു.

(ഛ) "ഇൻഡ്യൻ ഭാഷ"യ്ക്ക് ഭരണഘടനയുടെ എട്ടാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഭാഷയെന്നർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഭാഷയുടെ ഏതെങ്കിലും ദേശ്യരൂപം ഉൾപ്പെടുന്നതുമാകുന്നു.

(ജ) "ലേബലി"ന്, ഏതെങ്കിലും പാക്കേജിൻമേൽ ഒട്ടിച്ചതോ, അതിൻമേൽ കാണുന്നതോ ആയ ലിഖിതമോ, അടയാളപ്പെടുത്തിയതോ, സ്ററാമ്പ് ചെയ്തതോ അച്ചടിച്ചതോ, ആലേഖരൂപത്തിലുള്ളതോ ആയ, വിഷയം എന്നർത്ഥമാകുന്നു.

(ത്ധ) "പാക്കേജി"ൽ, പെട്ടിയോ, കാർട്ടണോ, ടിന്നോ, മററു ആധാരമോ ഉൾപ്പെടുന്നു.

(ഞ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിലുണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന, എന്നർത്ഥമാകുന്നു.

(ട) "ഉത്പാദന"ത്തിലും അതിൻെറ വ്യാകരണസംബന്ധമായ രൂപഭേദങ്ങളിലും, സജാതീയ പദങ്ങളിലും—

(i) ആധാരങ്ങൾ പാക്കുചെയ്യലും, ലേബൽചെയ്യലും വീണ്ടും ലേബൽ ചെയ്യലും,

(ii) മൊത്ത പാക്കേജുകളിൽനിന്ന് ചില്ലറ പാക്കേജുകളിലേയ്ക്ക് വീണ്ടും, പാക്ക് ചെയ്യലും ;

(iii) ഉത്പന്നത്തെ വിപണനയോഗ്യമാക്കുന്നതിനുള്ള മറേറതെങ്കിലും സമ്പ്രദായം സ്വീകരിക്കലും, ഉൾപ്പെടുന്നു.

(ഠ) "വില്പന"യ്ക്കും അതിൻെറ വ്യാകരണസംബന്ധമായ രൂപഭേദങ്ങൾക്കും സജാതീയ പദങ്ങൾക്കും, സാമാനങ്ങളുടെ സ്വത്വത്തിൻെറ, ഒരാളാൽ മറെറാരാൾക്കുള്ള ഏതെങ്കിലും കൈമാററം, അത് റൊക്കമായോ കടമായോ വിനിമയമായോ ആയാലും, മൊത്തമായോ ചില്ലറയായോ ആയാലും എന്നർത്ഥമാകുന്നതും, അതിൽ വില്പനയ്ക്കുള്ള കരാറും വില്പനയ്ക്കുള്ള ആഫറും, വില്പനയ്ക്ക് വയ്ക്കലും ഉൾപ്പെടുന്നതുമാകുന്നു.

(ഡ) "വിനിർദ്ദിഷ്ട മുന്നറിയിപ്പ്"ന്, താഴെ കൊടുത്തിരിക്കുന്ന മുന്നറിയിപ്പ്, അതായത് "സിഗററു വലിക്കുന്നത് ആരോഗ്യത്തിന് ക്ഷതികരമാകുന്നു" എന്നർത്ഥമാകുന്നു.

3. സിഗററുകളുടെ വ്യാപാരവും വാണിജ്യവും, ഉത്പാദനവും സപ്ലൈയും വിതരണവും സംബന്ധിച്ച പരിമിതികൾ :—(1) താൻ ഉത്പാദിപ്പിക്കുന്നതോ, സപ്ലൈ ചെയ്യുന്നതോ, വിതരണം ചെയ്യുന്നതോ ആയ സിഗററുകളുടെ ഏതൊരു പാക്കേജും, അതിൻമേലോ അതിൻെറ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് വഹിക്കാത്തപക്ഷം, യാതൊരാളും നേരിട്ടോ, അല്ലാതെയോ സിഗററുകൾ ഉത്പാദിപ്പിക്കുകയോ, സപ്ലൈ ചെയ്യുകയോ, വിതരണം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) താൻ വിതരണം ചെയ്യുന്നതോ വില്ക്കുന്നതോ സപ്ലൈ ചെയ്യുന്നതോ ആയ സിഗററുകളുടെ ഏതൊരു പാക്കേജും, അതിൻമേലോ അതിന്റെ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് വഹിക്കാത്തപക്ഷം, യാതൊരാളും സിഗററുകളുടെ വ്യാപാരമോ വാണിജ്യമോ നടത്തിക്കൊണ്ടുപോകാൻ പാടുള്ളതല്ല.

(3) താൻ ഇറക്കുമതി ചെയ്യുന്ന സിഗററുകളുടെ ഏതൊരു പാക്കേജും, അതിൻമേലോ അതിന്റെ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് വഹിക്കാത്തപക്ഷം, യാതൊരാളും മൂല്യമുള്ള പ്രതിഫലത്തിന് വിതരണം ചെയ്യുകയോ സപ്ലൈ ചെയ്യുകയോ ചെയ്യാനോ, വില്പനയ്ക്കോ ആയി അപ്രകാരം സിഗററുകൾ ഇറക്കുമതി ചെയ്യാൻ പാടുള്ളതല്ല.

(4) വിതരണത്തിനോ വില്പനയ്ക്കോ മൂല്യമുള്ള പ്രതിഫലത്തിനുള്ള സപ്ലൈയ്ക്കോ ആയി സിഗററുകൾ പാക്കുചെയ്തിട്ടുള്ള പാക്കേജിന്റെ ഏററവും വലിയ പാനലുകളിൽ ഒന്നിൻമേൽ കുറയാതെ വിനിർദ്ദിഷ്ടമുന്നറിയിപ്പ് കാണപ്പെടേണ്ടതാകുന്നു.

4. <u>വിനിർദ്ദിഷ്ട മുന്നറിയിപ്പ് നൽകേണ്ട രീതി.</u>—(1) സിഗററിന്റെ പാക്കേജിൻമേലുള്ള വിനിർദ്ദിഷ്ട മുന്നറിയിപ്പ്:—

(ക) വായിക്കാൻ കഴിയുന്നതും തെളിഞ്ഞുനിൽക്കുന്നതും,

(ഖ) വലുപ്പത്തിലും നിറത്തിലും ശ്രദ്ധയാകർഷിക്കത്തക്കതും,

(ഗ) പാക്കേജിൻമേലോ, അതിന്റെ ലേബലിൻമേലോ ഉപയോഗിക്കുന്ന മററു ടൈപ്പിനോടോ അക്ഷരങ്ങളോടോ ആലേഖിതത്തോടോ താരതമ്യപ്പെടുത്തുമ്പോൾ തെളിഞ്ഞ വ്യതിരിക്തത കാണിക്കത്തക്കവിധം മിഴിവുള്ളതും വ്യക്തമായുള്ളതും ആയ രീതിയിലും അക്ഷരങ്ങളുടെ ടൈപ്പിലും ആയിരിക്കേണ്ടതും, പാക്കേജിന്റെയോ, അതിന്റെ ലേബലിന്റേയോ, പശ്ചാത്തലവുമായി താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധയാകർഷിക്കത്തക്കവിധം വ്യതിരിക്തമായ വർണ്ണത്തിൽ പാക്കേജിൻമേൽ അച്ചടിച്ചതോ, ചായംകൊണ്ടെഴുതിയതോ ആലേഖനം ചെയ്തതോ ആയിരിക്കേണ്ടതുമാണ്.

(2) സിഗററുകൾ അടങ്ങുന്ന ഏതൊരു പാക്കേജും, അതിൻമേലോ അതിന്റെ ലേബലിൻമേലോ, കാണപ്പെടുന്ന വിനിർദ്ദിഷ്ട മുന്നറിയിപ്പ് പാക്കേജ് തുറക്കുന്നതിനുമുമ്പ് ഉപഭോക്താവിന് ദൃശ്യമായിരിക്കുമെന്ന് ഉറപ്പുവരത്തക്കവിധം പാക്ക് ചെയ്തിരിക്കേണ്ടതാകുന്നു.

5. <u>സിഗററുകളുടെ പരസ്യങ്ങളിൻമേലുള്ള പരിമിതികൾ.</u>—(1) വിനിർദ്ദിഷ്ടമുന്നറിയിപ്പ് പരസ്യത്തിൽ ഉൾപ്പെടുത്താത്തപക്ഷം, യാതൊരാളും സിഗററിന്റെ വിതരണത്തിനോ വില്പനയ്ക്കോ സപ്ലൈയ്ക്കോ പരസ്യം ചെയ്യാൻ പാടില്ലാത്തതും, യാതൊരാളും അങ്ങനെയുള്ള ഏതെങ്കിലും പരസ്യത്തിന്റെ പ്രസിദ്ധീകരണത്തിൽ പങ്കെടുക്കാൻ പാടില്ലാത്തതുമാകുന്നു.

(2) പരസ്യത്തിൽ ഉൾപ്പെടുത്തുന്ന ഏതൊരു വിനിർദ്ദിഷ്ടമുന്നറിയിപ്പും, ശ്രദ്ധയാകർഷിക്കത്തക്കതും വായിക്കാൻ കഴിയുന്നതും തെളിഞ്ഞുനില്ക്കുന്നതുമായിരിക്കേണ്ടതാകുന്നു.

(3) യാതൊരാളും, സിഗററുകളുടെ ഏതെങ്കിലും വ്യാപാരമോ വാണിജ്യമോ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ അടങ്ങിയ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതെങ്കിലും പരസ്യം അടങ്ങുന്ന ഏതെങ്കിലും രേഖയോ പദാർത്ഥമോ സാധനമോ നേരിട്ടോ അല്ലാതെയോ ആയാലും, ഇറക്കുമതി ചെയ്യാൻ പാടുള്ളതല്ല.

6. <u>വിനിർദ്ദിഷ്ട മുന്നറിയിപ്പ് പ്രകടിപ്പിക്കേണ്ടത് ഏത് ഭാഷയിലാണെന്ന്</u>.—(1) സിഗററ്റുകൾ അടങ്ങുന്ന പാക്കേജിൻമേലോ അതിന്റെ ലേബലിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള പാക്കേജ് സംബന്ധിച്ച ഏതെങ്കിലും പരസ്യത്തിലോ ഉപയോഗിക്കപ്പെടുന്ന ഭാഷ—

(ക) ഇംഗ്ലീഷ് ആയിരിക്കുന്ന വിനിർദ്ദിഷ്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിൽ പ്രകടിപ്പിക്കേണ്ടതും;

(ഖ) ഏതെങ്കിലും ഇൻഡ്യൻ ഭാഷയോ ഭാഷകളോ ആയിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട മുന്നറിയിപ്പ്, അങ്ങനെയുള്ള ഇൻഡ്യൻ ഭാഷയിലോ ഭാഷകളിലോ പ്രകടിപ്പിക്കേണ്ടതും;

(ഗ) ഇംഗ്ലീഷും, ഇൻഡ്യൻ ഭാഷകളിൽ ഒന്നോ അതിലധികമോ ആയിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട മുന്നറിയിപ്പ് ഇംഗ്ലീഷിലും, പുറമേ, അങ്ങനെയുള്ള ഇൻഡ്യൻ ഭാഷയിലോ ഭാഷകളിലോ കൂടിയും പ്രകടിപ്പിക്കേണ്ടതും;

(ഘ) ഭാഗികമായി ഇംഗ്ലീഷിലും, ഭാഗികമായി ഏതെങ്കിലും ഇൻഡ്യൻ ഭാഷയിലും അല്ലെങ്കിൽ ഭാഷകളിലും ആയിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട മുന്നറിയിപ്പ് ഇംഗ്ലീഷു ഭാഷയിലും, പുറമേ അങ്ങനെയുള്ള ഇൻഡ്യൻ ഭാഷയിലോ ഭാഷകളിലോ കൂടിയും പ്രകടിപ്പിക്കേണ്ടതും;

(ങ) ഏതെങ്കിലും വിദേശ ഭാഷ ആയിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട മുന്നറിയിപ്പ ഇംഗ്ലീഷു ഭാഷയിൽ പ്രകടിപ്പിക്കേണ്ടതും;

(ച) ഭാഗികമായി ഏതെങ്കിലും വിദേശഭാഷയിലും, ഭാഗികമായി ഇംഗ്ലീഷിലും അല്ലെങ്കിൽ ഏതെങ്കിലും ഇൻഡ്യൻ ഭാഷയിലും ഭാഷകളിലും ആയിരിക്കുന്നിടത്ത്, വിനിർദ്ദിഷ്ട മുന്നറിയിപ്പ് ഇംഗ്ലീഷ് ഭാഷയിലും, പുറമേ അങ്ങനെയുള്ള ഇൻഡ്യൻ ഭാഷയിലോ ഭാഷകളിലോ കൂടിയും പ്രകടിപ്പിക്കേണ്ടതും;

ആകുന്നു.

(2) സിഗററ്റിന്റെ യാതൊരു പാക്കേജും, അല്ലെങ്കിൽ അതിന്റെ ലേബലും അല്ലെങ്കിൽ അതുസംബന്ധിച്ച യാതൊരു പരസ്യവും വിനിർദ്ദിഷ്ടമുന്നറിയിപ്പിന് അസംഗതമായതോ അല്ലെങ്കിൽ അതിനെ ലഘൂകരിക്കുന്നതോ ആയ ഏതെങ്കിലും വിഷയമോ പ്രസ്താവനയോ അടങ്ങിയിരിക്കാൻ പാടുള്ളതല്ല.

7. <u>അക്ഷരങ്ങളുടെ വലുപ്പം</u>.— യാതൊരു മുന്നറിയിപ്പും, അങ്ങനെയുള്ള മുന്നറിയിപ്പിൽ ഉപയോഗിക്കപ്പെടുന്ന ഓരോ അക്ഷരത്തിന്റേയും ഉയരം മൂന്നുമില്ലിമീറ്ററിൽ കുറവായിരിക്കുന്നുവെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കുന്നതായി കരുതപ്പെടുന്നതല്ല.

8. <u>പ്രവേശനത്തിനും ശോധനയ്ക്കുമുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിക്കപ്പെട്ടിട്ടുണ്ടോ, ഉല്ലംഘിക്കപ്പെടുന്നുണ്ടെന്നോ സംശയിക്കാൻ ഏതെങ്കിലും കാരണമുണ്ടെങ്കിൽ, ഒരു സബ് ഇൻസ്പെക്റ്ററുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് സിഗററ്റിലെ ഏതെങ്കിലും വ്യാപാരമോ വാണിജ്യമോ നടത്തിക്കൊണ്ടുപോകുന്നതോ സിഗററ്റ് ഉത്പാദിപ്പിക്കപ്പെടുകയോ സപ്ലൈ ചെയ്യ

പ്പെടുകയോ വിതരണം ചെയ്യപ്പെടുകയോ ചെയ്യുന്നതോ ആയ ഏതെങ്കിലും ഫാക്ടറിയിലോ, കെട്ടിടത്തിലോ ബിസിനസ് കെട്ടിട പരിസരങ്ങളിലോ മററേതെങ്കിലും സ്ഥലത്തോ ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും ശോധന ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ (1974-ലെ 2) വ്യവസ്ഥകൾ ഈ ആക്ററിൻകീഴിൽ ചെയ്യുന്ന ശോധനയ്ക്കും പിടിച്ചെടുക്കലിനും ബാധകമായിരിക്കുന്നതാണ്.

9. പിടിച്ചെടുക്കുന്നതിനുള്ള അധികാരം.— സിഗററുകളുടെ ഏതെങ്കിലും പാക്കേജ് സംബന്ധിച്ച് ഈ ആക്ററിലെ വ്യവസ്ഥകൾ ഉല്ലംഘിക്കപ്പെട്ടിട്ടുണ്ടെന്നോ ഉല്ലംഘിക്കപ്പെടുന്നുണ്ടെന്നോ വിശ്വസിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, അങ്ങനെയുള്ള പാക്കേജ് പിടിച്ചെടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പിടിച്ചെടുക്കപ്പെടുന്ന യാതൊരു സിഗററുകളുടെ പാക്കേജും, പിടിച്ചെടുക്കുന്ന തീയതി മുതൽ തൊണ്ണൂറു ദിവസത്തിൽ കവിയുന്ന കാലം അതുവച്ചുപോരാൻ, പിടിച്ചെടുത്തിട്ടുള്ളത് ഏതു ജില്ലാ ജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ വച്ചാണോ ആ ജില്ലാ ജഡ്ജിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തപക്ഷം, യാതൊരു പോലീസ് ഉദ്യോഗസ്ഥനും അപ്രകാരം വച്ചുപോരാൻ പാടുള്ളതല്ല.

10. പാക്കേജുകൾ കണ്ടുകെട്ടൽ.— ഏതൊരു സിഗററുകളുടെ പാക്കേജ് സംബന്ധിച്ചാണോ ഈ ആക്ററിലെ വ്യവസ്ഥകൾ ഉല്ലംഘിക്കപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ ഉല്ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ആ പാക്കേജു കണ്ടുകെട്ടലിന് അർഹമായിരിക്കുന്നതാണ്:

എന്നാൽ, ആരുടെ കൈവശത്തിലോ അധികാരത്തിലോ നിയന്ത്രണത്തിലോ ആണ് അങ്ങനെയുള്ള ഏതെങ്കിലും സിഗററുകളുടെ പാക്കേജ് കണ്ടെത്തുന്നത്, ആ ആൾ ഈ ആക്ററിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനു ഉത്തരവാദിയല്ലെന്ന്, കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്ന കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം സ്ഥാപിക്കപ്പെടുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള പാക്കേജിന്റെ കണ്ടുകെട്ടലിനുള്ള ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിനുപകരം, ഈ ആക്ററിലെ വ്യവസ്ഥകളുടെ ലംഘനത്തിന് അപരാധിയായ ആൾക്ക് എതിരായി, യുക്തമെന്നു തോന്നുന്നതും ഈ ആക്ററ് പ്രാധികാരപ്പെടുത്തുന്നതുമായ മററ് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

11. കണ്ടുകെട്ടലിനുപകരം കോടതിച്ചെലവു കൊടുക്കാൻ ഐച്ഛികാവകാശം നല്കുന്നതിനുള്ള അധികാരം.—(1) ഈ ആക്ററ് ഏതെങ്കിലും കണ്ടുകെട്ടൽ പ്രാധികാരപ്പെടുത്തുമ്പോഴെല്ലാം അതു ന്യായനിർണ്ണയം ചെയ്യുന്ന കോടതിക്ക്, കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്ന ഉത്തരവിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി, കണ്ടുകെട്ടലിനുപകരം യുക്തമെന്നു തോന്നുന്നതും ഏതു പാക്കേജ് സംബന്ധിച്ചാണോ കണ്ടുകെട്ടൽ പ്രാധികാരപ്പെടുത്തുന്നത്, ആ പാക്കേജിന്റെ മൂല്യത്തിൽ കവിയാത്തതുമായ കോടതിച്ചെലവു കൊടുക്കാനുള്ള ഐച്ഛികാവകാശം അതിന്റെ ഉടമസ്ഥന് നല്കാവുന്നതാണ്.

(2) കോടതി ഉത്തരവുചെയ്യുന്ന കോടതിച്ചെലവു കൊടുക്കുന്നതിൻമേൽ പിടിച്ചെടുക്കപ്പെട്ട പാക്കേജുകൾ ആരിൽനിന്നാണോ അവ പിടിച്ചെടുത്തത്, ആ ആരംക്ക്, അങ്ങനെയുള്ള പാക്കേജുകളുടെ ഏതെങ്കിലും വിതരണമോ വില്പനയോ സപ്ലൈയോ ചെയ്യുന്നതിനുമുമ്പ് അയാരം അങ്ങനെയുള്ള ഓരോ പാക്കേജിൻമേലോ അതിന്റെ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് ചേർക്കേണ്ടതാണെന്നുള്ള ഉപാധിയിൻമേൽ മടക്കിക്കൊടുക്കേണ്ടതാകുന്നു.

12. ദണ്ഡനത്തിനുള്ള അർഹത.— സിഗററുകളുടെ ഏതെങ്കിലും വ്യാപാരമോ വാണിജ്യമോ നടത്തിക്കൊണ്ടുപോവുകയോ അല്ലെങ്കിൽ സിഗററുകൾ ഉത്പാദിപ്പിക്കുകയോ സപ്ലൈ ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ഏത് ആളും അങ്ങനെയുള്ള സിഗററുകളുടെ ഏതെങ്കിലും പാക്കേജിൽ വിനിർദ്ദിഷ്ട മുന്നറിയിപ്പ് അടങ്ങുന്നില്ലെങ്കിൽ, സിഗററുകളുടെ പാക്കേജിന്റെ മൂല്യത്തിന്റെ അഞ്ചിരട്ടിയോ അങ്ങനെയുള്ള സിഗററുകളുടെ പാക്കേജ് കണ്ടുകെട്ടിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അല്ലെങ്കിൽ കണ്ടുകെട്ടലിന് ലഭ്യമാണെങ്കിലും അല്ലെങ്കിലും, ആയിരം രൂപയോ, ഏതാണ് കൂടുതൽ, അതിൽ കവിയാത്ത ദണ്ഡനം കൊടുക്കാൻ അർഹനായിരിക്കുന്നതാണ്.

13. കണ്ടുകെട്ടലോ ദണ്ഡനമോ മററുശിക്ഷകൾക്കു തടസ്സമാവുകയില്ലെന്ന്.— ഈ ആക്ററിൻകീഴിൽ ചെയ്യുന്ന യാതൊരു കണ്ടുകെട്ടലും, അല്ലെങ്കിൽ, കൊടുക്കാൻ ഉത്തരവുചെയ്യുന്ന കോടതിച്ചെലവും, അല്ലെങ്കിൽ ചുമത്തുന്ന ദണ്ഡനവും, അതു ബാധിക്കുന്ന ആരം, ഈ ആക്ററിലെ വ്യവസ്ഥകളുടെ കീഴിലോ, മറേറതെങ്കിലും നിയമത്തിൻകീഴിലോ അർഹനാകുന്ന ഏതെങ്കിലും ശിക്ഷ, ചുമത്തുന്നതിനെ തടയുന്നതല്ല.

14. ന്യായനിർണ്ണയം.—(ക) ആദ്യാധികാരിതയുള്ള ഏതു പ്രിൻസിപ്പൽ സിവിൽക്കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ വച്ചാണോ അതതുസംഗതിപോലെ, ഏതെങ്കിലും കണ്ടുകെട്ടൽ നടത്തുകയോ കോടതിച്ചെലവു കൊടുക്കാൻ ഉത്തരവുചെയ്യുകയോ, ദണ്ഡനം ചുമത്തുകയോ ചെയ്തിട്ടുള്ളത്, ആ കോടതിക്ക് യാതൊരു പരിധിയുംകൂടാതെയും;

(ഖ) അയ്യായിരം രൂപയിൽ കവിയുന്ന ആർത്ഥികാധികാരിതയുള്ളതും കേന്ദ്രഗവൺമെൻറ്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഇതിലേയ്ക്കു പ്രാധികാരപ്പെടുത്തുന്നതും ആയ ഒരു സിവിൽക്കോടതിയിൽ താഴെയല്ലാത്ത മററു കോടതിക്ക്, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്കു വിനിർദ്ദേശിക്കുന്ന പരിധികൾക്കു വിധേയമായും;

അങ്ങനെയുള്ള കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുകയോ, കോടതിച്ചെലവു കൊടുക്കൽ ഉത്തരവുചെയ്യുകയോ ദണ്ഡനം ചുമത്തുകയോ ചെയ്യാവുന്നതാണ്.

15. പിടിച്ചെടുക്കപ്പെട്ട പാക്കേജുകളുടെ ഉടമസ്ഥന് അവസരം നല്കൽ— (1) കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുന്നതോ, കോടതിച്ചെലവു കൊടുക്കാൻ നിദേശിക്കുന്നതോ, ദണ്ഡനം ചുമത്തുന്നതോ ആയ യാതൊരു ഉത്തരവും, സിഗററുകളുടെ പാക്കേജിന്റെ ഉടമസ്ഥന് അങ്ങനെയുള്ള പാക്കേജ് കണ്ടുകെട്ടുന്നതിനു നിർദ്ദേശിക്കപ്പെടുന്ന കാരണങ്ങൾ അയാളെ അറിയിക്കുകയും, നോട്ടീസിൽ വിനിർദ്ദേശിക്കുന്നതും ന്യായമായതുമായ സമയത്തിനുള്ളിൽ അതിൽ പറയുന്ന കണ്ടുകെട്ടലിനോ ദണ്ഡനം ചുമത്ത

ലിനോ എതിരായി ലിഖിതമായ നിവേദനം നൽകാനും അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വിഷയത്തിൽ അയാൾക്ക് പറയുവാനുള്ളതു കേൾക്കാനും അയാൾക്ക് ന്യായമായ അവസരം നൽകുകയും ചെയ്യുന്ന ലിഖിതമായ ഒരു നോട്ടീസ് നൽകിയിട്ടില്ലാത്ത പക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല:

എന്നാൽ, സിഗററുകളുടെ പാക്കേജ് പിടിച്ചെടുത്ത തീയതി മുതൽ തൊണ്ണൂറുദിവസത്തെ കാലാവധിക്കുള്ളിൽ അങ്ങനെയുള്ള നോട്ടീസ് കൊടുക്കാതിരിക്കുന്നിടത്ത്, ആ കാലാവധി അവസാനിച്ചതിനുശേഷം, അങ്ങനെയുള്ള പാക്കേജ് ആരുടെ കൈവശത്തിൽനിന്നാണോ അതു പിടിച്ചെടുത്തത്, ആ ആൾക്ക് മടക്കിക്കൊടുക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥചെയ്യുന്നവിധമൊഴികെ, സിവിൽ നടപടി നിയമസംഹിത, 1908-ലെ (1908-ലെ 5) വ്യവസ്ഥകൾ, ആകുന്നിട (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതൊരു നടപടിക്കും ബാധകമായിരിക്കുന്നതാണ്.

16. അപ്പീൽ. —(1) കണ്ടുകെട്ടൽ ന്യായനിർണ്ണയം ചെയ്യുകയോ കോടതി ച്ചെലവുകൊടുക്കാൻ ഉത്തരവുചെയ്യുകയോ ദണ്ഡനം ചുമത്തുകയോ ചെയ്തുകൊണ്ടുള്ള കോടതിയുടെ ഏതെങ്കിലും തീരുമാനത്താൽ സങ്കടക്കാരനായ ഏതൊരാൾക്കും, അങ്ങനെയുള്ള കോടതിയുടെ തീരുമാനത്തിൽനിന്ന് ഏതു കോടതിയിലേയ്ക്കാണോ അപ്പീലുണ്ടായിരിക്കുന്നത്, ആ കോടതിയിലേയ്ക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

(2) അപ്പീൽ കോടതിക്ക്, അപ്പീൽ വാദിക്ക് പറയാനുള്ളതു പറയാൻ ഒരവസരം നൽകിയതിനുശേഷം, ഏതു തീരുമാനത്തിനോ ഉത്തരവിനോ എതിരായാണ് അപ്പീൽ കൊടുത്തിട്ടുള്ളത്, ആ തീരുമാനമോ ഉത്തരവോ സ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ മറിച്ചിടിക്കുകയോ ചെയ്തുകൊണ്ട് യുക്തമെന്നുതോന്നുന്ന ഉത്തരവ് പാസ്സാക്കുകയോ അല്ലെങ്കിൽ ആവശ്യമുണ്ടെങ്കിൽ കൂടുതൽ തെളിവെടുത്തതിനുശേഷം, അതതു സംഗതിപോലെ ഒരു പുനർതീരുമാനത്തിനോ പുനർന്യായ നിർണ്ണയത്തിനോ ആയി കേസ് യുക്തമെന്നുതോന്നുന്ന നിർദ്ദേശങ്ങളോടുകൂടി തിരിയെ അയച്ചുകൊടുക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, കണ്ടുകെട്ടലിനു പകരമുള്ള ഏതെങ്കിലും ദണ്ഡനമോ പിഴയോ വർദ്ധിപ്പിക്കുകയോ കൂടുതൽ മൂല്യമുള്ള സാമാനങ്ങൾ കണ്ടുകെട്ടുകയോ ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവ്, ഒരു നിവേദനം നല്കാനും, ആഗ്രഹിക്കുന്നുവെങ്കിൽ തനിക്കു പ്രതിവാദത്തിൽ പറയാനുള്ളത് പറയാനും അപ്പീൽ വാദിക്ക് അവസരം ഉണ്ടായിരുന്നിട്ടില്ലാത്തപക്ഷം, ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) അപ്പീൽ കോടതിയുടെ ഉത്തരവിനെതിരായി കൂടുതൽ അപ്പീൽ നിലനില്ക്കുന്നതല്ല.

17. ദണ്ഡനം.—ഏതൊരാളാണോ,—

(ക) ഏതെങ്കിലും വ്യാപാരത്തിന്റേയോ വാണിജ്യത്തിന്റേയോ ഗതിയിൽ പാക്കേജിൻമേലോ, അതിന്റെ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് അടങ്ങിയിരിക്കാത്ത ഏതെങ്കിലും സിഗററുകളുടെ പാക്കേജ് വില്ക്കുകയോ, വിതരണം ചെയ്യുകയോ, സപ്ലൈ ചെയ്യുകയോ,

(ഖ) ഏതെങ്കിലും വ്യാപാരത്തിന്റേയോ വാണിജ്യത്തിന്റേയോ ഗതിയിൽ പാക്കേജിൻമേലോ, അതിന്റെ ലേബലിൻമേലോ വിനിർദ്ദിഷ്ട മുന്നറിയിപ്പ് അടങ്ങിയിരിക്കാത്ത ഏതെങ്കിലും സിഗററുകളുടെ പാക്കേജ് ഉത്പാദിപ്പിക്കുകയോ, സപ്ലൈ ചെയ്യുകയോ, വിതരണം ചെയ്യുകയോ;

(ഗ) സിഗററുകളുടെ പരസ്യത്തിൽ വിനിർദ്ദിഷ്ട മുന്നറിയിപ്പ്
ഉൾപ്പെടുന്നില്ലെങ്കിൽ അങ്ങനെ സിഗററുകൾ പരസ്യം ചെയ്യുകയോ പരസ്യം
ചെയ്യുന്നതിൽ പങ്കെടുക്കുകയോ;

ചെയ്യുന്നത്, ആ ആൾ മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള
തടവുശിക്ഷയോ, അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ
രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

18. <u>കമ്പനികളാലുള്ള കുററങ്ങൾ</u>.—(1) ഈ ആക്ററിൻകീഴിലെ ഒരു
കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്കു പുറമേ, കുററം
ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിനുവേണ്ടി, കമ്പ
നിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോടു ഉത്തരവാദിയായിരുന്നതുമായ
ഏതൊരാളും ആ കുററത്തിനു അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനു
സരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ
അർഹനാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെ
ങ്കിലും ആളെ, കുററം ചെയ്യപ്പെട്ടതു തന്റെ അറിവു കൂടാതെയാണെന്നോ, അങ്ങ
നെയുള്ള കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയി
രുന്നുവെന്നോ, അയാൾ തെളിയിക്കുന്നുവെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക്
അർഹരാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ
ആക്ററിൻകീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കയും, ആ കുററം
കമ്പനിയുടെ ഏതെങ്കിലും ഡയറക്ടരുടേയോ, മാനേജരുടേയോ, സെക്രട്ടറിയു
ടേയോ മററുഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടുകൂടിയോ
ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെ
ങ്കിലും ഉപേക്ഷമൂലമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കു
കയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ,
മററു ഉദ്യോഗസ്ഥനോ ആ കുററത്തിനു അപരാധിയാണെന്ന് കരുതപ്പെടുന്നതും
അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും
ചെയ്യാൻ അർഹനാകുന്നതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,

(ക) "കമ്പനി"ക്ക്, ഏതെങ്കിലും ഏകാംഗീകൃതനികായമെന്നർത്ഥ
മാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടു
ന്നതും ;

(ഖ) "ഡയറക്ടർ"ക്ക്, ഒരു ഫേം സംബന്ധിച്ച് അതിലെ പങ്കാളി
എന്നർത്ഥമാകുന്നതും ;
ആകുന്നു.

19. <u>കുററങ്ങൾ കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതുമായിരി
ക്കുമെന്ന്</u>—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ (1974-ലെ 2) എന്തു
തന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു
കുററം, ജാമ്യം അനുവദിക്കേണ്ടതായിരിക്കുന്നതാണ്.

(2) ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരുകുററവും
കോഗ്നൈസബിൾ ആയിരിക്കുമെന്ന് സംശയങ്ങൾ ഒഴിവാക്കാനായി ഇതിനാൽ
പ്രഖ്യാപിക്കുന്നു.

20. ഉത്തമ വിശ്വാസപൂർവ്വം എടുക്കുന്ന നടപടിക്കു സംരക്ഷണം.—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംബന്ധിച്ച്, കേന്ദ്ര ഗവൺമെൻറിനോ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോ, കേന്ദ്ര ഗവൺമെൻറിൻേറയോ സ്റേററ് ഗവൺമെൻറിൻേറയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി, യാതൊരു വ്യവഹാരവും, അല്ലെങ്കിൽ പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും, നിലനില്ക്കുന്നതല്ല.

21. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗം വരാതേയും അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെപ്പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്,

അതായത്:—

(ക) ഏതെങ്കിലും സിഗരററുകളുടെ പാക്കേജ് പിടിച്ചെടുക്കേണ്ട രീതിയും പിടിച്ചെടുക്കൽ ലിസ്ററ് തയ്യാറാക്കുകയും, ആരുടെ കസ്ററഡിയിൽ നിന്നാണോ ഏതെങ്കിലും സിഗരററുകളുടെ പാക്കേജ് പിടിച്ചെടുത്തിട്ടുള്ളത്, ആ ആൾക്ക് നല്കുകയും ചെയ്യേണ്ട രീതിയും ;

(ഖ) ഈ ആക്ററിൻകീഴിൽ ചുമത്തുന്ന ഏതെങ്കിലും ദണ്ഡനം മടക്കിക്കൊടുക്കുന്ന നടപടിക്രമം ;

(ഗ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ, തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടു പിന്നീട് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരു സഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലായിരിക്കയോ ചെയ്യുന്നതും, ആകുന്നു ; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവ ശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

22. കയററുമതി ചെയ്യുന്ന സിഗററുകൾക്ക് ആക്ററ് ബാധകമല്ലെന്ന്.

ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, കയററുമതി ചെയ്യുന്ന ഏതെങ്കിലും സിഗറററിനോ സിഗററുകളുടെ പാക്കേജിനോ ബാധകമായിരിക്കുന്നതല്ല :

എന്നാൽ ഈ ആക്ററിലെ യാതൊന്നും, വിനിർദ്ദിഷ്ട മുന്നറിയിപ്പ് അടങ്ങിയിട്ടില്ലാത്ത ഏതെങ്കിലും സിഗററുകളുടെ പാക്കേജ് ഏതെങ്കിലും രാജ്യത്തേയ്ക്കു കയററുമതി ചെയ്യാൻ അതേ മുന്നറിയിപ്പോ സദൃശമായ മുന്നറിയിപ്പോ സിഗററുകളുടെ ഓരോ പാക്കേജിൻമേലും വിനിർദ്ദേശിക്കേണ്ടതാണെന്ന് ആ രാജ്യത്തിൽ പ്രാബല്യത്തിലുള്ള നിയമം ആവശ്യപ്പെടുന്നുവെങ്കിൽ, പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും സിഗറേറോ സിഗററുകളുടെ പാക്കേജോ, കയററുമതി ചെയ്യാൻ ആവശ്യകമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ, യഥാർത്ഥത്തിലുള്ള കയററുമതി നടന്നിട്ടില്ലെന്നിരുന്നാലും കയററുമതി ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

---